# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1306 — 13.12.2012 ൽ – മറുപടിക്ക്

## റേഷൻ വിതരണം കമ്പ്യൂട്ടർവത്കരിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, വി. റ്റി. ബൽറാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണം കമ്പ്യൂട്ടർവത്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചുവടെപ്പറയുന്ന 4 ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുളളത്.<br>1. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻസാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുളള സംവിധാനം തയ്യാറാക്കുക<br>4. സുതാര്യമായ പരാതി/പരിഹാര സംവിധാനം ഒരുക്കുക<br>ഇതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊണ്ടുവരികയാണ്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) പൊതുവിതരണ രംഗത്തെ സമ്പൂർണ്ണ (**end-to-end**) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ, അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, ദുരുപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. |
| (സി) പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലു ള്ള റേഷൻ വിതരണ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br>(ഡി) ഈ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (സി) & (ഡി) സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് ? | (ഇ) കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുളള തുകയുടെ 50% കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുകയും, സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ